91 (2244) തീപിടുത്തംമൂലമുള്ള നഷ്ടം പ്രകൃതിക്ഷോഭത്തിന്റെ പരിധിയിൽപ്പെടുത്തി നഷ്ട പരിഹാരം നൽകുന്ന നടപടി

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീപിടുത്തംമൂലമുള്ള നഷ്ടം പ്രകൃതിക്ഷോഭത്തിന്റെ പരിധിയിൽപ്പെടുത്തി നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതനുസരിച്ച് ഇതുവരെ എന്ത് സഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പോലീസ് കേസുള്ള സംഭവങ്ങളിൽ ഈ സഹായം എപ്രകാരമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യാപകമായ തീപിടുത്തംമൂലം ആൾപ്പാർപ്പുള്ള വളരെയധികം വീടുകൾ കത്തി നശിക്കുകയാണെങ്കിൽ അവ പ്രകൃതിക്ഷോഭമായി കണക്കാക്കി ദുരിതാശ്വാസനിധിയിൽനിന്നും സഹായധനം അനുവദിച്ച് നൽകുന്ന കാര്യം പരിഗണിക്കുമെന്നു തീരുമാനിച്ചിട്ടുണ്ട്.

(ബി) 1996 ഏപ്രിലിനുശേഷം തിരുവനന്തപുരം ജില്ലയിൽ 94 കേസ്സുകളിലായി 1,12,700/- രൂപയും, കൊല്ലം ജില്ലയിൽ 68 കേസ്സുകളിലായി 2,82,325/- രൂപയും, എറണാകുളം ജില്ലയിൽ 21 കേസ്സുകളിലായി 3,15,000/- രൂപയും, തൃശ്ശൂർ ജില്ലയിൽ 6 കേസ്സുകളിലായി 18,000/- രൂപയും, പാലക്കാട് ജില്ലയിൽ 32 കേസ്സുകളിലായി 44,550/- രൂപയും സഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഇത്തരം സഹായധനം അനുവദിച്ച് നൽകേണ്ടതായി വന്നിട്ടില്ല.

(സി) യാദൃച്ഛികമായി ഉണ്ടാകുന്ന തീ പിടിത്തങ്ങൾക്കാണ് ഇത്തരം സഹായധനം അനുവദിച്ചു നൽകുന്നത്. പോലീസ് കേസ്സുള്ള സംഭവങ്ങളിൽ ധനസഹായം നൽകുന്നതിന് പ്രത്യേക മാനദണ്ഡങ്ങളൊന്നും നിശ്ചയിച്ചിട്ടില്ല.

92 (2247) മുഴുപ്പിലങ്ങാട് വില്ലേജിൽ പട്ടയത്തിനുവേണ്ടി ലഭിച്ച അപേക്ഷകൾ

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട് വില്ലേജിൽ പട്ടയത്തിന് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആകെയുള്ള അപേക്ഷകരിൽ ഇതുവരെയായി എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ബാക്കിയുള്ളവർക്ക് പട്ടയം നൽകാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് എപ്പോൾ പട്ടയം നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 444 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 119 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(സി)&(ഡി) ബാക്കിയുള്ള 325 അപേക്ഷകളിൽ 183 അപേക്ഷകർ പുതുതായി ഭൂമി കയ്യേറി കൈവശം വച്ചു വരുന്നതും 142 അപേക്ഷകൾ മുൻകൈവശക്കാരിൽ നിന്നും കൈമാറ്റം വഴി ലഭിച്ചവരുടേതുമാണ്. ഈ കേസ്സുകളിൽ പോർട്ട് അധികൃതരുമായി സംയുക്ത പരിശോധന കഴിഞ്ഞ് എടുക്കുന്ന തീരുമാനത്തിന് വിധേയമായി പോർട്ട് ഏരിയക്ക് പുറത്തുള്ള കൈവശക്കാർക്ക് നിയമാനുസരണം പട്ടയം നൽകുന്നതാണ്.

93 (2249) സർവെ നടത്തി യഥാർത്ഥ ഭൂമിക്കുള്ള രേഖ നൽകുന്നതിന് നടപടി

ശ്രീ. പി. വിശ്വൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമി ഉടമസ്ഥന്മാരുടെ സ്ഥലം സർവെ നടത്തി യഥാർത്ഥ ഭൂമിക്കുള്ള രേഖ നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വില്ലേജുകളിലും സർവെ പൂർത്തിയാക്കി യഥാർത്ഥ ഭൂമിയുടെ ഉടമസ്ഥന് കൈവശരേഖ നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) ഭൂമിയുടെ തർക്കം പരിഹരിക്കുന്നതിന് വില്ലേജ് തലത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച് തർക്കമുള്ള കേസ്സുകളിൽ യഥാർത്ഥത്തിലുള്ള ഭൂമി സർവെ ചെയ്ത് തർക്കം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇതിനുവേണ്ടി അദാലത്ത് നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ഭൂമി ഉടമസ്ഥൻമാരുടെയും സ്ഥലം സർവെ നടത്തി യഥാർത്ഥ ഭൂമിക്കുള്ള രേഖ നൽകുന്നതിന് വേണ്ടി സംസ്ഥാനം മൊത്തം റീസർവെ നടത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുള്ളതാണ്. ഇതുപ്രകാരം സംസ്ഥാനത്തെ 652 റവന്യൂ വില്ലേജുകളുടെ റീസർവെ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ റീസർവെ സംബന്ധിച്ച് വ്യാപകമായ ആക്ഷേപങ്ങൾ ഉണ്ടായ സാഹചര്യത്തിൽ ഈ ആക്ഷേപങ്ങൾ തീർപ്പുകൽപ്പിക്കുന്ന ജോലിക്ക് സർവെ വകുപ്പിലെ ഭൂരിപക്ഷം

LIBRARY ARCHIVES Kerala Legislative Assembly